ശ്രീ. വി. ജെ. തങ്കപ്പൻ: ടയർ റീട്രഡിംഗിന് ഇന്ന് കെ. എസ്. ആർ. ടി. സി. യിൽ എവിടെയെല്ലാം ഏതെല്ലാം വർക്ക് ഷോപ്പുകളിൽ എന്തെല്ലാം സംവിധാനം ഉണ്ട്. ആ സംവിധാനം ഉപയോഗിക്കാതെ ടി. വി. എസ് സിനും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്കും ടയർ റീട്രഡിംഗിനുള്ള കോൺട്രാക്ട് കൊടുക്കാറുണ്ടോ? അങ്ങനെ കൊടുക്കുന്നത് നിറുത്തിവച്ച് കെ. എസ് ആർ. ടി.സി. യുടെ വർക്ക് ഷോപ്പിൽത്തന്നെ ടയർ റീട്രഡിംഗ് മുഴുവനായി ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: മുഴുവൻ ഇവിടെ ചെയ്യുന്നതിനുള്ള സംവിധാനമില്ല. സംവിധാനം ഉണ്ടാകുമ്പോൾ ഇവിടെത്തന്നെ ചെയ്യുന്നതാണ്.

(ii) അടിയന്തിര ചോദ്യോത്തരങ്ങൾ (തുടർച്ച)

ഹിൽ ഹൈവേ പദ്ധതി

(7) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽഹൈവേ പദ്ധതി നടപ്പിലാക്കാനായി സമഗ്രമായ എന്തെങ്കിലും സ്കീം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്കീമിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ:)

(എ, ബി) കേരളത്തിന്റെ തെക്കേയറ്റത്ത് നെട്ട മുതൽ വടക്കേയറ്റത്ത് പെരള വരെ കിഴക്കൻ മലയോരപ്രദേശങ്ങളെ ബന്ധിപ്പിച്ച് അതിന് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലുള്ള ഒരു റോഡ് നിർമ്മിക്കുകയെന്നുള്ളതാണ് ഹിൽ ഹൈവേ പദ്ധതിയിൽ വിഭാവന ചെയ്യുന്നത്. ഇതിനെ സംബന്ധിച്ച് 1980-ൽ ഒരു ഫീസിബിലിറ്റി റിപ്പോർട്ട് മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. ഈ റോഡിന് 893½ കിലോമീറ്റർ ദൈർഘ്യം വരും. നിലവിലുള്ള റോഡുകൾ സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ മെച്ചപ്പെടുത്തുകയും ഏകദേശം 358 കിലോമീറ്റർ ദൈർഘ്യമുള്ള പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇതിൽ 143 കിലോമീറ്റർ ദൂരം റോഡ് നിബിഡമായ വനാന്തരത്തിൽകൂടിയാണ് നിർമ്മിക്കേണ്ടത്. ഇതിന്റെ പണിക്ക് 105 കോടിരൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്. ഇപ്പോഴത്തെ നിരക്കുകളനുസരിച്ച് ഇതിന്റെ പണിക്ക് ഏകദേശം 500 കോടിരൂപയോളം വേണ്ടി വന്നേക്കും. കേന്ദ്രത്തിന്റെ അനുവാദം ലഭിക്കുമോ എന്ന കാര്യവും പ്രയാസമാണ്. ഇത്രമാത്രം ബാദ്ധ്യത ഏറ്റെടുക്കുവാൻ ഇപ്പോൾ നമുക്ക് സാദ്ധ്യമാവുകയില്ല.

പ്രീഡിഗ്രി പരീക്ഷാ ബോർഡ്

(8) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സർവകലാശാലകളിലെ പ്രീഡിഗ്രി വിദ്യാഭ്യാസവും പരീക്ഷയും ഒരു ഏകീകൃത സിലബസ്സിന്റെയും സ്കീമിന്റെയും അടിസ്ഥാനത്തിൽ നടത്തുവാനുള്ള ഏതെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന കാര്യം ബഹു. വിദ്യാഭ്യാസ മന്ത്രി വെളിപ്പെടുത്തുമോ;

(ബി) ഇതിലേക്കായി പ്രീഡിഗ്രി പരീക്ഷാ ബോർഡ് രൂപീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

(സി) ഈ സ്കീം എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

(iii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കേരളത്തിലെ റവന്യൂ ജില്ലകളും താലൂക്കുകളും

*(263) ശ്രീ. വി. വി. ജോസഫ്:
,, പി. സി. ജോർജ്:
,, കെ. ടി. കണാരൻ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റവന്യൂ ജില്ലകളും താലൂക്കുകളും പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിക്കുമോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പുതിയ താലൂക്കുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും ഭൂമിശാസ്ത്രപരമായ സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ താലൂക്കുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തുവാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) റവന്യൂ ജില്ലകൾ പുനഃസംഘടിപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല. താലൂക്കുകൾ പുനഃസംഘടിപ്പിക്കുന്ന കാര്യം ആലോചനയിലുണ്ട്.

(ബി) കമ്മിറ്റിയെ നിയമിക്കേണ്ട ആവശ്യമുള്ളതായി തോന്നുന്നില്ല.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly